## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ദൈവവചനം ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും ആത്മാവിനെയും സന്ധിമജ്ജകളെയും തുളച്ചു ചെല്ലുന്നതാണ്. അത് യാതൊരു മുഖപക്ഷമില്ലാതെ എല്ലാവരോടും ഒരുപോലെ ഇടപെട്ടുകൊണ്ടിരിക്കുന്നതാണ്. സത്യം അത് ഒരു പോലെ വെളിപ്പെടുത്തികൊണ്ടിരിക്കുന്നു. ഒരു ദൈവപൈതൽ എങ്ങനെ ജീവിക്കണമെന്നും എന്തെല്ലാം അനുസരിക്കണമെന്നും അത് വ്യക്തമായും വെളിപ്പെടുത്തി കൊടുക്കുന്നു. ദൈവാനുഗ്രഹം പ്രാപിപ്പാൻ എങ്ങനെ ജീവിക്കണമെന്നും എന്തെല്ലാം ചെയ്യണമെന്നും ദൈവവചനം വ്യക്തമാക്കി കൊടുക്കുന്നു.

ആകയാൽ ഇടയന്റെ ശബ്ദം കേൾക്കുവാൻ ആഗ്രഹിക്കുന്നവർ, മുടങ്ങാതെ ക്രമമായും ശ്രദ്ധയായും ദൈവവചനം ധ്യാനിക്കുക, പ്രാർത്ഥനയോടെ ധ്യാനിക്കുക. എല്ലാ കാര്യങ്ങളും മനസ്സിലാകുന്നില്ല എന്നു നമുക്കു തോന്നിയേക്കാം. നമ്മൾക്ക് ആവശ്യമായതു മുഴുവൻ ദൈവാത്മാവ് മനസ്സിലാക്കി തരും, തരുന്നു. മനസ്സിലാകത്തതിനെപ്പററി ഭാരപ്പെടാതെ, മനസ്സിലായതിനെ അനുസരിപ്പാനും പ്രായോഗികമാക്കുവാനും ശ്രമിക്കുക.

ആടുകൾ ഇടയന്റെ ശബ്ദം അറിയുന്നവയായിരിക്കണം. വിശുദ്ധ യോഹന്നാന്റെ സുവിശേഷം 10:4 തന്റെ ആടുകളെ ഇടയൻ പേർ ചൊല്ലി വിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തനിക്കുള്ളവയെ ഒക്കെയും പുറത്തുകൊണ്ടു പോയതിനു ശേഷം അവൻ അവയ്ക്കു മുൻപായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. എല്ലായ്പ്പോഴും ഇടയനെ കാണുവാൻ ആടുകൾക്ക് കഴിയുകയില്ല. ഇടയൻ മുൻപേ പോകുകയാണ്. പലപ്പോഴും ഇടയൻ ഒരു മലയുടെ ഒരു വശത്തായിരിക്കുമ്പോൾ, ചില ആടുകൾ മറവശത്തു മാത്രമേ എത്തിയെന്നു വരികയുള്ളു. ഒരു വളവു തിരിയുമ്പോൾ മുൻപേ പോകുന്ന ഇടയനെ പല ആടുകൾക്കും കാണുവാൻ കഴിയുകയില്ല. അവിടെ പല ഭാഗത്തേക്കു തിരിയുന്ന വഴികൾ ഉണ്ടായിരിക്കും. പലരുടെ ആട്ടിൻകൂട്ടങ്ങൾ അവിടെ ഉണ്ടാകാം.

തുടരും....